LIBRARY ARCHIVES Kerala Legislative Assembly

(അനുബന്ധം 1 ആയി ചേർക്കുന്നു*) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പ്രസ്തുത മാനദണ്ഡ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളി കുടുംബങ്ങൾ, ക്യാൻസർ ബാധിതർ/ഡയാലിസിസ് ചെയ്യുവരുന്ന വൃക്കരോഗികൾ/മറ്റ് മാരക രോഗബാധിതർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതരരോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം 2 ആയി ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

മുൻഗണനാ റേഷൻ കാർഡുകൾ

309 (5034) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശംവച്ചുവരുന്ന മുൻഗണനാ റേഷൻകാർഡുകൾ തിരികെ ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാപട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. കൂടാതെ നിലവിൽ എ.എ.വൈ./മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡുകളുടെ അർഹത പുനഃപരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

(ബി) നാട്ടിലെ സന്നദ്ധ സംഘടനകൾ/നാട്ടുകാർ നിർമ്മിച്ച് നൽകിയ വീടിന്റെ വിസ്തീർണം ആയിരം ചതുരശ്ര അടിയിൽ കൂടിയതിനാൽ ബി.പി.എൽ. മുൻഗണനാലിസ്റ്റിൽ നിന്നും അർഹർ ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) നിർദ്ധന കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകളും മറ്റും നിർമ്മിച്ച് നൽകുന്ന വീടുകളുടെ വിസ്തീർണം സംബന്ധിച്ച് ബി.പി.എൽ. മുൻഗണനാ മാനദണ്ഡത്തിൽ ഇളവ് നൽകുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മുൻഗണനാപട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതരരോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം ആയി* ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കാൻ നടപടി

310 (5035) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

&

(ബി) പുതിയ റേഷൻ കാർഡുകൾക്ക് അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly